നികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ള തുക

562 [599] ശ്രീമതി കെ. ആർ. ഗൗരിഅമ്മ:
ശ്രീ. വർക്കല രാധാകൃഷ്ണൻ:
,, ഇ. പത്മനാഭൻ:
,, ഒ. ഭരതൻ:
,, സി. കെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് വിവിധയിനം നികുതികളിലായി എന്തു തുക കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്;

(ബി) ഓരോ ജില്ലയിലും എത്ര തുക വീതം;

(സി) 1985–86 വർഷത്തിൽ വിൽപ്പന നികുതിയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള സംഖ്യ എത്ര;

(ഡി) വിൽപ്പന നികുതിയിനത്തിൽ ഒരു ലക്ഷം രൂപയ്ക്കു മേൽ കുടിശ്ശിക വരുത്തിയവരെത്ര?

ഉത്തരം

(എ) 31–3–1986–ലെ കണക്കുപ്രകാരം വിൽപ്പന നികുതി ഇനത്തിൽ 139.85 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 28.44 കോടി രൂപയും കുടിശ്ശിക വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. മറ്റു നികുതിയിനങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു.

ജില്ല	വിൽപ്പന നികുതി	കാർഷികാദായനികുതി
	(രൂപ കോടിയിൽ)	
തിരുവനന്തപുരം	8.02	2.75
കൊല്ലം	14.62	0.80
പത്തനംതിട്ട	0.53	0.33
ആലപ്പുഴ	13.65	0.86
കോട്ടയം	6.44	3.37
ഇടുക്കി	3.71	9.73
എറണാകുളം	59.32	1.10
തൃശ്ശൂർ	6.41	1.25
പാലക്കാട്	5.98	1.39
മലപ്പുറം	1.43	0.83
കോഴിക്കോട്	13.11	1.29
വയനാട്	0.45	4.16
കണ്ണൂർ	5.61	0.15
കാസർകോട്	0.57	0.43
ആകെ	139.85	28.44

LIBRARY ARCHIVES Kerala Legislative Assembly

(സി) 49.55 കോടി രൂപ.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സെയിൽസ് ടാക്സ് ഇനത്തിൽ 1985–86 വർഷത്തിൽ പിരിഞ്ഞു കിട്ടിയ തുക

563 [600] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് ഇനത്തിൽ 1985–86 വർഷത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്ര;

(ബി) ഈ ഇനത്തിൽ അഞ്ചു ലക്ഷത്തിലേറെ കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടേയും പേരു വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 453.59 കോടി രൂപ (ഇതു താൽക്കാലിക കണക്കാണ്).

(ബി) വിവരം ശേഖരിച്ചുവരുന്നു.

വിൽപന നികുതി കുടിശ്ശിക

564 [601] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15–6–1986–ൽ വിൽപന നികുതി കുടിശ്ശികയിനത്തിൽ എത്ര സംഖ്യ കിട്ടാനുണ്ട്;

(ബി) വിൽപ്പന നികുതിയിനത്തിലുള്ള വരവ് സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ എത്ര ശതമാനമാണ്?

ഉത്തരം

(എ) 31–3–1986–ലെ കണക്കനുസരിച്ച് വിൽപ്പന നികുതി ഇനത്തിൽ 139.85 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. അതിനുശേഷമുള്ള കണക്കുകൾ ലഭ്യമല്ല.

(ബി) വിൽപ്പന നികുതിയിനത്തിലുള്ള വരുമാനം സംസ്ഥാനത്തിന്റെ തനതായ നികുതി തീരുവ വരുമാനത്തിന്റെ 62.3 ശതമാനമാണ്.

കൊച്ചിയിൽ നിർമ്മിക്കുന്ന കപ്പലുകളുടെ വിൽപ്പന നികുതി

565 [602] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ നിർമ്മിക്കുന്ന കപ്പലുകൾക്ക് ഏതു നിരക്കിലായിരുന്നു വിൽപ്പന നികുതി ഈടാക്കിയിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly